# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 925 12.12.2012 - ൽ മറുപടിക്ക്

## കാസർഗോഡ് ജില്ലയിലെ കുടിവെള്ള ജലസേചന ക്ഷാമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ) | പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ള ജലസേചന ക്ഷാമം പരിഹരിക്കുന്നതിനായി ഏതൊക്കെ പുതിയ പദ്ധതികൾക്കാണ് അനുമതി നൽകിയിട്ടുള്ളത്; പദ്ധതിയുടെ പേരും അനുവദിച്ച തുകയും വിശദമാക്കുമോ ; | (എ) കാസർഗോഡ് ജില്ലയിൽ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പുതിയ പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>1. ബേളൂരും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി - 1700 ലക്ഷം രൂപ<br>2. ഈസ്റ്റ് എളേരി ഗ്രാമ പഞ്ചായത്തിനു വേണ്ടിയുള്ള പദ്ധതി - 1212 ലക്ഷം രൂപ<br>3. ചെങ്കള മൂളിയാർ മധൂർ മൊഗ്രാൽ പുത്തൂർ ഗ്രാമ പഞ്ചായത്തുകൾക്ക് വേണ്ടിയുള്ള പദ്ധതി - ഫേസ് I - 1980 ലക്ഷം രൂപ<br>4. ബന്തടുക്കയ്ക്കും സമീപ വില്ലേജുകൾക്കും വേണ്ടിയുള്ള പദ്ധതി - 800 ലക്ഷം രൂപ<br>5. കയ്യൂർ ചീമേനി പഞ്ചായത്തുകൾക്കുള്ള പദ്ധതി - 1000 ലക്ഷം രൂപ<br>6. പള്ളിക്കര പഞ്ചായത്തിലെ പനയാൽ വില്ലേജിലേയ്ക്ക് പൈപ്പ് ലൈൻ നീട്ടുന്ന പ്രവൃത്തി - 110 ലക്ഷം രൂപ<br>7. മാലോത്ത്, ബലാൽ വില്ലേജുകളിലേക്കുള്ള കുടിവെള്ള പദ്ധതി - 297 ലക്ഷം രൂപ<br>8. വെസ്റ്റ് എലേരിക്കും സമീപ വില്ലേജുകളിലേക്കും പൈപ്പ്ലൈൻ നീട്ടുന്ന പ്രവൃത്തി - 175.33 ലക്ഷം രൂപ<br>കൂടാതെ നബാർഡിന്റെ ധനസഹായത്തോടെ എൻഡോ സൾഫാൻ ബാധിത പ്രദേശങ്ങളിലേയ്ക്ക് ഉള്ള 52 കുടിവെള്ള പദ്ധതികൾക്ക് (2581.36 ലക്ഷം രൂപ) അനുമതി നൽകിയിട്ടുണ്ട്.<br><br>കാസർഗോഡ് ജില്ലയിൽ ജലസേചന ക്ഷാമം പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾക്ക് അനുമതി നൽകിയിട്ടുണ്ട്.<br>1. മൂളിയാർ പഞ്ചായത്തിലെ ബാവിക്കര റഗുലേറ്റർ നിർമ്മാണ പദ്ധതി തുക - 1320 ലക്ഷം രൂപ |

2. ബേഡഡുക്ക പഞ്ചായത്തിൽ പാണ്ടിക്കണ്ടത്തിൽ പാലത്തോടു കൂടിയ റഗുലേറ്റർ നിർമ്മാണം തുക - 1500 ലക്ഷം രൂപ

(ബി) ഈ പദ്ധതിയുടെ തുടർ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ ?

(ബി) കുടിവെള്ള പദ്ധതികളുടെ വർക്കിംഗ് എസ്റ്റിമേറ്റ് തയ്യാറാക്കി ടെൻഡർ നടപടികൾ സ്വീകരിച്ചു വരുന്നു.

ജലസേചന പദ്ധതികൾ:

1. ബാവിക്കര പദ്ധതി (ബാക്കി പ്രവർത്തി) 14.09.2012-ന് പ്രവർത്തി സ്ഥലം കരാറുകാരന് കൈമാറി. 31.05.2015 ആണ് പണി പൂർത്തീകരിക്കേണ്ട കാലാവധി.
2. പാണ്ടിക്കണ്ടം റഗുലേറ്റർ പദ്ധതിക്കുള്ള 2080 ലക്ഷം രൂപയ്ക്കുള്ള 2012 ഷെഡ്യൂൾ ഓഫ് റേറ്റ്സ് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ